
# JYOTHIS

Bulletin, 2021 January - June Issue 32









# തിരുഹൃദയ തിരുനാൾ ആശംസകൾ...

**ഈശോയിൽ പ്രിയമുള്ള സഹോദരിമാരേ...**

ജൂൺമാസം! ഈശോയുടെ തിരുഹൃദയത്തിനായ് മാറ്റി വയ്ക്കപ്പെട്ട മാസം!

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനോടുള്ള ദൈവത്തിന്റെ അത്യാഗാധമായ സ്നേഹം നിരന്തരം നിർഗളിക്കുന്നത് കുരിശിൽ പിളർക്കപ്പെട്ട ഈശോയുടെ തിരുഹൃദയത്തിൽ നിന്നാണല്ലോ. ആ ഹൃദയത്തിൽ നിന്ന് ഒഴുകിയിറങ്ങിയ തിരുരക്തവും തിരുജലവും ആണ് നമ്മുടെ അമ്മയായ തിരുസഭയ്ക്ക് ജന്മം നൽകിയത്. ഇന്ന് തിരുസ്സഭയിൽ രക്ഷാകരവേല ചെയ്തുകൊണ്ട് ഈശോയുടെ തിരുഹൃദയത്തിന്റെ ജീവനുള്ള തുടിപ്പുകളാകാൻ, മറ്റൊരു തിരുഹൃദയമാകാൻ പ്രത്യേകം വിളിക്കപ്പെട്ടവരും തെരഞ്ഞെടുക്കപ്പെട്ടവരുമാണ് തിരുഹൃദയ സന്യാസിനിമാരായ നാമോരോരുത്തരും. കോവിഡ് 19 മാഹാമാരി ഇന്ന് മനുഷ്യഹൃദയങ്ങളെ ദുർബലമാക്കിക്കൊണ്ട് നിരാശയുടെ അഗാധഗർത്തത്തിലേക്ക് തള്ളിവിടുമ്പോൾ കൈത്താങ്ങാകാൻ, കരംപിടിച്ച് അനുഗ്രഹിക്കാൻ നാം ഏറെ പരിശ്രമിക്കുന്നത് അഭിനന്ദനാർഹമാണ്.

എസക്കിയേൽ 36/26 -ൽ നാം വായിക്കുന്നത് ഇങ്ങനെയാണ് "ഒരു പുതിയ ഹൃദയം ഞാൻ നിങ്ങൾക്കു നല്കും. ഒരു പുതു ചൈതന്യം നിങ്ങളിൽ ഞാൻ പ്രവേശിപ്പിക്കും. നിങ്ങളുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തുമാറ്റി മാംസള ഹൃദയം നല്കും." അതെ പ്രിയമുള്ളവരെ ഒരു ഹൃദയ ശസ്ത്രക്രിയയിലൂടെ തിരുഹൃദയമാകാൻ-ഒരു മാംസള ഹൃദയം സ്വന്തമാക്കാനുള്ള വിളി. സ്നേഹത്തിന്റെ സുവിശേഷം എന്നറിയപ്പെടുന്ന വി.യോഹന്നാന്റെ സുവിശഷത്തിൽ ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹസ്പന്ദനങ്ങൾ തിരിച്ചറിയാൻ അവിടുത്തെ മാറിൽ ചാരിക്കിടന്ന ഒരു ശിഷ്യനെ നാം കാണുന്നു. അത് മറ്റാരുമല്ല. വി. യോഹന്നാൻ ശ്ലീഹാ തന്നെ. ഈശോയുടെ ഹൃദയത്തുടുപ്പുകൾ തിരിച്ചറിയുന്ന ആ ശിഷ്യൻ കുറിച്ചു വെച്ചു. "ദൈവം സ്നേഹമാണ്" അതെ ആ സ്നേഹത്തിന്റെ ആഴം തിരുഹൃദയത്തിൽ നിന്നും ഒപ്പിയെടുത്തതുകൊണ്ടല്ലേ കുരിശിൻ ചുവടുവരെ ഈശോയൊടൊപ്പമാകാൻ ആ ശിഷ്യന് സാധിച്ചത്.

നമ്മുടെ സ്ഥാപക പിതാവ് ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ നമ്മെ പഠിപ്പിച്ച സുകൃതജപവും ഈ ശസ്ത്രക്രിയയുടെ അനിവാര്യതയല്ലേ നമ്മെ ഓർമ്മിപ്പിക്കുന്നത്. "ഹൃദയ ശാന്തതയും എളിമയുമുള്ള ഈശോയുടെ തിരുഹൃദയമേ എന്റെ ഹൃദയം അങ്ങേ ഹൃദയം പോലെ ആക്കേണമേ." നമ്മുടെ പുണ്യപിതാവിന്റെ 150-ാം ജന്മ വാർഷികം നാം ആഘോഷിക്കുമ്പോൾ ആരേയും മാറ്റി നിർത്താത്ത ആരോടും പരിഭവമോ പരാതികളോ ഇല്ലാത്ത, എല്ലാവരേയും ചേർത്ത് നിർത്തി സ്നേഹത്തിന്റെ വിരുന്നുകൊണ്ട് ഏവരെയും സംതൃപ്തരാക്കിയ ഈശോയുടെ ഹൃദയം സ്വന്തമാക്കിയ അരുമ ശിഷ്യൻ യോഹന്നാനെപ്പോലെ നമ്മുടെ സ്ഥാപകപിതാവിനെപ്പോലെ നമുക്കും നമ്മുടെ ആത്മ മണവാളനായ ഈശോയുടെ ഹൃദയത്തോട് നമ്മുടെ ഹൃദയത്തെയും ചേർത്ത് വയ്ക്കാം. അവിടുത്തെ ശാന്തതയും എളിമയും അനുകമ്പയും സ്വന്തമാക്കിയത് ആഴത്തിൽ അനുഭവിച്ച് അനേകം തപ്ത ഹൃദയങ്ങൾക്ക് അനുഗ്രഹമാകാൻ നമുക്ക് ഏവർക്കും ഇടവരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

**സിസ്റ്റർ റോസ് പുളിക്കീൽ എസ്. എച്ച്.**

സോഷ്യൽവർക്ക് ജനറൽകൗൺസിലർ

# സാമൂഹ്യപ്രവർത്തനങ്ങൾ പ്രൊവിൻസിലൂടെ...

## 1. CHILD DEVELOPMENT

### ജ്യോതി പ്രോജക്ട്

കുട്ടികളുടെ ഉന്നമനത്തെ ലക്ഷ്യമാക്കിയുള്ള വിവിധങ്ങളായ പദ്ധതികൾ നമ്മുടെ പ്രൊവിൻസുകളിൽ നടത്തി വരുന്നുണ്ട്. **ചങ്ങനാശ്ശേരി** പ്രൊവിൻസിൽ അവർക്കുവേണ്ടി ഓണാഘോഷത്തിനോടനുബന്ധിച്ച് ഓൺലൈനായി പ്രസംഗം, മാവേലി മത്സരം, ഓണപ്പാട്ട്, കുട്ടി പാചകം എന്നിങ്ങനെ പലവിധ മത്സരങ്ങൾ നടത്തി. 9 യൂണിറ്റുകളിൽ നിന്നായി 105 കുട്ടികൾ ഈ പരിപാടിയിൽ പങ്കെടുത്തു. സെസ്പ് കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ഗൂഗിൾ മീറ്റ് വഴി നടത്തിയ ക്യാൻസർ ബോധവൽക്കരണ ക്ലാസ്സിൽ 4 പേർ പങ്കെടുത്തു. പാറേൽ, വടക്കേക്കര, നെടുമണ്ണി, മാമ്പുഴക്കരി, ചാഞ്ഞോടി എന്നിവിടങ്ങളിൽ നടത്തിയ സെസ്പ് യൂണിറ്റ് മീറ്റിംഗിൽ 45 അംഗങ്ങൾ പങ്കെടുത്തു. ക്രിസ്തുമസ്സോടനുബന്ധിച്ച് നടത്തിയ ഫാൻസി ഡ്രസ്സ്, ജീവിക്കുന്ന പുൽക്കൂട്, ഉണ്ണീശോയ്ക്ക് ഒരു കത്ത് കരോൾ ഗാനം എന്നീ മത്സരങ്ങളിൽ 110 കുട്ടികൾ പങ്കെടുത്തു. കൂടാതെ കാവാലം, ചെറുകര യൂണിറ്റിലെ കുട്ടികൾക്ക് പേപ്പർ ക്യാരിബാഗ്, പൂക്കൾ നിർമ്മാണം, ബോട്ടിൽ ആർട്ട് തുടങ്ങിയ സ്കിൽ ട്രെയിനിംഗ് പരിപാടികൾ നടത്തി.

**തലശ്ശേരി** പ്രൊവിൻസിൽ ലോകസമാധാനദിനം, മാനസികാരോഗ്യദിനം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് സി. സെലിൻ അഗസ്റ്റിന്റെ നേതൃത്വത്തിൽ ഐശ്വര്യ, സെസ്പ് കുട്ടികൾക്കായി ഓൺലൈൻ പ്രോഗ്രാം സംഘടിപ്പിച്ചു. സ്പോൺസർഷിപ്പ് പദ്ധതിയിലുള്ള കുട്ടികളേയും അവരുടെ മാതാപിതാക്കളെയും ചേർത്ത് **കാഞ്ഞിരപ്പള്ളി** പ്രൊവിൻ സിൽ ഒരു വാട്ട്സ്ആപ്പ് കൂട്ടായ്മ ആരംഭിക്കുകയും അവർ ക്കായി ഒരു സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു. എല്ലാ കുട്ടികളുടേയും അക്കൗണ്ട് പോസ്റ്റ് ഓഫീസിലേക്ക് മാറ്റുന്ന പരിപാടികളും പൂർത്തീകരിച്ചു. **മാനന്തവാടി** പ്രൊവിൻസിൽ




വൈത്തിരി, ചാരിറ്റി എന്നീ യൂണിറ്റുകളിൽ സ്പോൺസേഴ്സിനെ ആദരിച്ച് സമ്മാനങ്ങൾ നൽകി. **താമരശ്ശേരി** പ്രൊവിൻസിൽ ഈ പദ്ധതിയിൽ 150 കുട്ടികളുണ്ട്. കോവിഡിന്റെ ഈ പ്രത്യേക സാഹചര്യംമൂലം കുട്ടികൾക്ക് ഒന്നിച്ച് കൂടുവാൻ സാധിക്കാത്തതിനാൽ വാട്ട്സ്ആപ്പ് കൂട്ടായ്മ വഴി അവരുമായി സമ്പർക്കം പുലർത്തുകയും മത്സരങ്ങൾ ഓൺലൈനായി നടത്തുകയും ചെയ്യുന്നു. ഒക്ടോബർ മാസത്തിൽ സോപ്പ്, ലോഷൻ, ഹാൻഡ് വാഷ്, ഹാർപ്പിക് എന്നിവ അടങ്ങിയ കിറ്റ് കുട്ടികൾക്ക് നൽകി. കല്ലാനോട് വച്ച് 15 പേരെ ഉൾപ്പെടുത്തി സ്പോൺസേഴ്സ് ഗാതറിംഗ് നടത്തി.

സ്കൂളുകൾ അടച്ചിട്ടിരിക്കുന്ന സാഹചര്യത്തിൽ **ഇടുക്കി** പ്രൊവിൻസിലെ വട്ടവടയിൽ 33 കുട്ടികൾക്ക് അദ്ധ്യാപകരുടെ സാന്നിദ്ധ്യത്തിൽ ട്യൂഷൻ ക്ലാസ്സുകൾ നൽകി. മൊബൈൽ റേഞ്ച് ലഭിക്കാത്തതും മൂലം ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാത്ത കുട്ടികൾക്ക് ഇത് വളരെ ഉപകാരപ്രദമായി. സ്കിൽ ഡവലപ്മെന്റിന്റെ ഭാഗമായി അവധി ദിവസങ്ങളിൽ 20 കുട്ടികൾക്ക് ഹാൻഡ് എംബ്രോയിഡറി ട്രെയിനിംഗ് നൽകി. മരണം മൂലം വേർപിരിഞ്ഞ സി. അനൻസിയയുടെ ഓർമ്മയ്ക്കായി സിസ്റ്റർ അനൻസിയ മെമ്മോറിയൽ സ്കോളർഷിപ്പ് രാജമുടിയിലെ ഒരു കുട്ടിക്ക് നൽകി. **ഡൽഹി** പ്രൊവിൻസിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് കുട്ടികൾ ‘Gandhiji is my model” എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസം, ചിത്രരചന, തുടങ്ങിയ മത്സരങ്ങൾ നടത്തി വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

**ആസ്സാം** പ്രൊവിൻസിലെ ടെസ്പൂരിൽ രണ്ടു വില്ലേജുകളിലായി 40 കുട്ടികൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ ഇവർക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പഠിക്കുവാനുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ആ പ്രദേശത്തെ ലോക്കൽ ടീച്ചേഴ്സിന്റെ സഹായത്തോടെ സ്പെഷ്യൽ കോച്ചിങ്ങ് നൽകുന്നു. ഇതിന്റെ ഭാഗമായി അവർക്ക് പഠന ഉപകരണങ്ങൾ, മാസ്ക്, ഫുഡ് സോളാർലാമ്പ് എന്നിവ വിതരണം ചെയ്തു. കൂടാതെ ഇവരോടൊപ്പം ശിശുദിനം, ബാലികാദിനം, എന്നിവ ആഘോഷിച്ചു.

### Wings to win

പാവപ്പെട്ട കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം ലക്ഷ്യമാക്കിയുള്ള ഈ വിദ്യാഭ്യാസ സഹായം വായ്പാ പദ്ധതി പ്രകാരം **കോതമംഗലം** പ്രൊവിൻസ് 4 കുട്ടികൾക്ക് 2 ലക്ഷം രൂപ പഠന സഹായം നൽകി. **തലശ്ശേരി** പ്രൊവിൻസിൽ – സിവിൽ സർവ്വീസ്, എം.ബി.എ, ബി.എസ്സി നേഴ്സിംഗ്, ബി.എഡ്. തുടങ്ങിയ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് നോട്ട്ബുക്ക്, ഫോൺ, എന്നിവ നൽകി, കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ ലോൺ

കൊടുത്തും, സഹായിച്ചു വരുന്നു. **കാഞ്ഞിരപ്പള്ളി** പ്രൊവിൻസിൽ നിന്നും നേഴ്സിംഗ്, മറ്റു സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾക്കായി തിരഞ്ഞെടുത്ത കുട്ടികൾക്ക് 5 ലക്ഷം രൂപ പഠന സഹായമായും, കമ്പ്യൂട്ടർ വാങ്ങുന്നതാനായി രണ്ടുകുട്ടികൾക്ക് 70000 രൂപയും നൽകി. ഉന്നത പഠനത്തിന് പോകാൻ ആഗ്രഹിക്കുന്ന 5 കുട്ടികൾക്ക് **മാനന്തവാടി** പ്രൊവിൻസിൽ നിന്നും 90000 രൂപ സാമ്പത്തിക സഹായം നൽകി.

**ഇടുക്കി** പ്രൊവിൻസിലെ വട്ടവട യൂണിറ്റിൽനിന്നും 5 കുട്ടികളെ ബാംഗ്ലൂർ നിർമ്മൽ ജ്യോതി ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ റ്റാലി & അഡ്മിനിസ്ട്രേഷൻ കോഴ്സ്സിന് ചേർത്തു. **ആസ്സാം** പ്രൊവിൻസിലെ Pungpani Village-ൽ ഫാ. നരേഷിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി നടത്തിയ പ്രോഗ്രാമിൽ 35 പേർ പങ്കെടുത്തു. 10 കുട്ടികളെ ഉപരിപഠനത്തിന് സഹായിക്കുന്നു. **ഡൽഹി** പ്രൊവിൻസിൽ റവ. ജോൺസൺ പാലാട്ടിയുടെ നേതൃത്വത്തിൽ ഉത്തർപ്രദേശ്, ജാർഖണ്ഡ് എന്നിവിടങ്ങളിൽ യുവജനങ്ങൾക്കുവേണ്ടി നടത്തിയ പ്രോഗ്രാമിൽ 50 പേരും ആന്ധ്രപ്രദേശിലെ വാക്കാ ഇടവകയിൽ നടത്തിയ 4 ദിവസത്തെ പ്രോഗ്രാമിൽ 650 പേരും പങ്കെടുത്തു. **ഉജ്ജെയിൻ** പ്രൊവിൻസിൽ 3 കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സഹായം നൽകി.

**ജ്യോതിസ് കിഡ്സ്**

**തലശ്ശേരി** പ്രൊവിൻസിൽ ജ്യോതിസ് കിഡ്സ് കുട്ടികൾക്കായി ഓൺലൈൻവഴി ഫാൻസിഡ്രസ്സ് മത്സരം സംഘടിപ്പിച്ചു. തൊണ്ടിയിൽ, മാങ്ങോട് എന്നീ യൂണിറ്റുകളിലെ കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

**ഐശ്വര്യ**

കുട്ടികളുടെ ലഘുസമ്പാദ്യ നിക്ഷേപമായ ഈ പദ്ധതി **കാഞ്ഞിരപ്പള്ളി** പ്രൊവിൻസിൽ നടപ്പിലാക്കി വരുന്നു. പ്രത്യേക തീരുമാനപ്രകാരം 45 കുട്ടികളെ അംഗങ്ങളാക്കുവാനുള്ള നടപടിക്രമങ്ങൾ നടത്തി. ബഹു. മാർ ജോസ് പുളിക്കൽ പിതാവിന്റെ സാന്നിദ്ധ്യത്തിൽ ദളിത് കുട്ടികൾക്കുവേണ്ടി പുതിയ പദ്ധതി ആരംഭം കുറിച്ചു. ഈ പദ്ധതിയിൽ 135 കുട്ടികൾ അംഗങ്ങളായുണ്ട്. സമൂഹ മാധ്യമങ്ങളിലെ ചതിക്കുഴികളെക്കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തുവാൻ സി.ടെസ്സി മാറിയയുടെ നേതൃ






ത്വത്തിൽ സെമിനാറും ചർച്ചയും നടത്തി. **മാനന്തവാടി** പ്രൊവിൻസിൽ യൂണിറ്റ് ലീഡേഴ്സിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നു. 169 കുട്ടികൾ ഈ പദ്ധതിയിൽ അംഗങ്ങളായുണ്ട്.

**ഇടുക്കി** പ്രൊവിൻസിൽ 4 കുട്ടികളെ പുതുതായി ചേർക്കുകയും തുക ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു. ആസ്സാം പ്രൊവിൻസിൽ 75 കുട്ടികൾ അവരുടെ നിക്ഷേപം പൂർത്തിയാക്കി. അവരുടെ തുകയുടെ കൂടെ പ്രൊവിൻസിന്റെ വിഹിതമായ 500 രൂപയും കൂട്ടിചേർത്ത് ബാങ്ക് ഫിക്സഡ് ഇട്ടു. ലോക്ക് ഡൗൺ കാലത്ത് ഈ കുട്ടികളുടെ കുടുംബങ്ങളിൽ ഫുഡ്, മാസ്ക് എന്നിവ വിതരണം ചെയ്തു. കൂടാതെ ഇവരെ ഉൾപ്പെടുത്തിക്കൊണ്ട് ശിശുദിനാഘോഷവും നടത്തി. **ഡൽഹി** പ്രൊവിൻസിൽ സി.ലിനറ്റിന്റെ നേതൃത്വത്തിൽ "Goal in Life" എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്കു വേണ്ടി നടത്തിയ ഒരു പ്രോഗ്രാമിൽ 20 പേർ പങ്കെടുത്തു.

**ജ്യോതിസ് ലൈബ്രറി**

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും അവരെ വിജ്ഞാനവും വിവേകവുമുള്ളവരായി മാറ്റുവാനും ഉതകുന്ന ഈ പദ്ധതിയിൽ **ഡൽഹി** പ്രൊവിൻസിലെ Najafgarh യൂണിറ്റിലെ കുട്ടികളെ ഒന്നിച്ചു കൂട്ടുകയും അവർക്ക് വായിക്കുവാനായി ബുക്കുകൾ നൽകുകയും പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

## Family Empowerment

കുടുംബ നവീകരണം ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയിൽ **ചങ്ങനാശ്ശേരി** പ്രൊവിൻസിൽ നടത്തിയ ഓൺലൈൻ ഫാമിലി കൗൺസിലിംഗിൽ 180 പേർ പങ്കെടുത്തു. 800 കുടുംബങ്ങൾക്ക് സുകൃതം പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണ സഹായം, വിവാഹ സഹായം എന്നിവ നൽകി.

## Jyothis Buds

IGP വരുമാനദായക പദ്ധതിയുടെ ഭാഗമായി **ചങ്ങനാശ്ശേരി** പ്രൊവിൻസിലെ 2 കുടുംബങ്ങൾക്കും **പാലാ** പ്രൊവിൻസിലെ 15 കുടുംബങ്ങൾക്കും മീൻകുളം നിർമ്മാണത്തിന് സഹായം നൽകി. 156 അംഗങ്ങളെ പങ്കെടുപ്പിച്ച് **പാലാ**യിൽ കൂൺകൃഷി പരിശീലനം സംഘടിപ്പിച്ചു. **കോതമംഗലം** പ്രൊവിൻസ് കോവിഡ് പ്രതിസന്ധിമൂലം വരുമാനമില്ലാതെ വിഷമിക്കുന്ന




കുടുംബങ്ങളെ കണ്ടെത്തി അവർക്ക് കാർഷിക മേഖലയുമായി ബന്ധപ്പെട്ട ചെറുകിട വരുമാന ദായക പദ്ധതികൾക്ക് പലിശ രഹിത വായ്പ അനുവദിച്ചു. മത്സ്യകൃഷി, മുട്ടക്കോഴി, വാഴകൃഷി, പോത്തും കിടാവ് പരിപാലനം, പന്നി, ആട്, മുയൽ, തേനീച്ച, കാടക്കോഴി, പശു എന്നിവയെ വളർത്തുന്നതിനായി 53 കുടുംബങ്ങൾക്ക് 6,41,500 രൂപ പലിശ രഹിത വായ്പയായി അനുവദിച്ചു. 46 യൂണിറ്റുകൾക്ക് പലിശ രഹിത വായ്പ അടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തുന്നതിനായി സഹായം നൽകി. **തലശ്ശേരി** പ്രൊവിൻസിലെ ആട് പ്രൊജക്ട് വളരെ വിജയകരമായി തുടരുന്നു. തൊണ്ടിയിൽ, മാങ്ങോട്ട് വിളക്കത്തൂർ തുടങ്ങി 7 യൂണിറ്റുകളിലായി 30 ആട്ടിൻകുട്ടികളെ കൈമാറി. ഇവയ്ക്ക് പുറമേ തൊഴുത്ത്, ആട്ടിൻകൂട് എന്നിവയ്ക്ക് സഹായവും നൽകി. സി. മെർലിൻ, സി. മെറിൻ, അനിറ്റ്, സോഷ്യൽ വർക്ക് ഇൻചാർജ് സിസ്റ്റേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ ഫീൽഡ് വിസിറ്റും നടത്തി. **കാഞ്ഞിരപ്പള്ളി** പ്രൊവിൻസിൽ നാലുപേർക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിനായി 6 ലക്ഷം രൂപ പലിശരഹിത വായ്പയായി നൽകി. തയ്യൽ മെഷീൻ, മുട്ടക്കോഴി, ആട് വളർത്തൽ, കൃഷി, കട്ടക്കളം തുടങ്ങിയവയ്ക്ക് ധനസഹായം നൽകി. സ്വാശ്രയ സംഘങ്ങളിലൂടെ സോപ്പ്, സോപ്പുപൊടി, ക്ലീനിംഗ് ഐറ്റംകിറ്റുകൾ എന്നിവ വിൽപ്പനയ്ക്ക് നൽകുന്നു. അതോടൊപ്പം തന്നെ എൽ.ഇ.ഡി. ബൾബുകൾ തുണിത്തരങ്ങൾ എന്നിവയും വിൽപ്പനയ്ക്കായി വാങ്ങി നൽകി.

**മാനന്തവാടി** പ്രൊവിൻസിൽ വരുമാനദായക പദ്ധതിയുടെ ഭാഗമായി ഓട്ടോറിക്ഷ വാങ്ങുന്നതിന് 2 വ്യക്തികൾക്ക് 4,50,000 രൂപ നൽകി. വരുമാനം ഉണ്ടാക്കി കുടുംബം പുലർത്താൻ വ്യക്തികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ 110-ാം




ജന്മദിന സമ്മാനമായി 11 കുടുംബങ്ങളിലേക്ക് വരുമാന ദായക പദ്ധതി എത്തിക്കുക എന്ന തീരുമാനപ്രകാരം **താമരശ്ശേരി** പ്രൊവിൻസിൽ 107 കുടുംബങ്ങൾക്കായി വിവിധ വരുമാന പദ്ധതികൾക്ക് 958300 രൂപ ചിലവഴിച്ചു.

**ഡൽഹി** പ്രൊവിൻസിലെ Jassola, Najafgarh എന്നീ യൂണിറ്റുകളിൽ പുതുതായി ഓരോ തയ്യൽ ബാച്ചുകൾ ആരംഭിച്ചു. 37 പേർ ഇവിടെ പഠനം ആരംഭിച്ചു. ജാർഖണ്ഡിൽ ഐ.ജി.പി.യുടെ ഭാഗമായി 28 തയ്യൽ മെഷീനുകളും സർട്ടിഫിക്കേറ്റും കുട്ടികൾക്ക് നൽകി. വി. യൗസേപ്പിതാവിന്റെ വർഷം പ്രമാണിച്ച് **ഇടുക്കി** പ്രൊവിൻസിന്റെ പല ഭാഗങ്ങളിൽ നിന്നായി 20 നിർദ്ധന കുടുംബങ്ങളെ തിരഞ്ഞെടുക്കുകയും അവർക്ക് വരുമാനദായക പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി 5 ലക്ഷം രൂപാ ചിലവഴിക്കുകയും ചെയ്തു. അതിജീവനം ഐ.ജി.പിയുടെ ഭാഗമായി, തൊഴിൽ നഷ്ടപ്പെട്ട് കുടുംബം പുലർത്താൻ ബുദ്ധിമുട്ടുന്ന പത്ത് കുടുംബങ്ങൾക്ക് 10000 രൂപാ വീതം വരുമാന ദായക പ്രവർത്തനങ്ങൾക്ക് നല്കി. സ്വയം തൊഴിൽ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി 10 സ്ത്രീകൾക്ക് ആട്ടിൻ കുഞ്ഞുങ്ങളെ നല്കി. ലോക്ക്ഡൗൺമൂലം ഏറ്റവും അധികം ബുദ്ധിമുട്ട് അനുഭവിച്ച ഓട്ടോ തൊഴിലാളികൾക്ക് വരുമാന മാർഗ്ഗമായി മത്സ്യകൃഷി പരിശീലനവും അതോടൊപ്പം മത്സ്യകുഞ്ഞുങ്ങളേയും നൽകി. തണൽ ഫാമിലി സ്പോൺസർ ഷിപ്പിന്റെ ഭാഗമായി 20 കുടുംബങ്ങൾക്ക് ഐ.ജി.പി.ക്കുവേണ്ടി 12000 രൂപ വീതം നൽകി. കോവിഡ് മൂലം ജോലിക്കുപോകാൻ കഴിയാതെ കഷ്ടപ്പെടുന്ന 5 വിധവകൾക്ക് സോപ്പുപൊടി, ലിക്വിഡ് സോപ്പ് എന്നിവ നിർമ്മിക്കുന്നതിനായി സാമ്പത്തിക സഹായം നൽകി. ഇടുക്കിയുടെ വിവിധ ഭാഗങ്ങളിലായി 1000 മുട്ടക്കോഴിയും ഒപ്പം കരിങ്കോഴികുഞ്ഞുങ്ങളേയും വിതരണം ചെയ്തു.

**ഉജ്ജൈൻ** പ്രൊവിൻസിൽ രണ്ടു കുടുംബങ്ങൾക്ക് സ്റ്റേഷനറി കടയും, രണ്ട് വ്യക്തികൾക്ക് എരുമകളേയും ഒരു വ്യക്തിക്ക് തയ്യൽ കട തുടങ്ങുവാനുള്ള സഹായവും ചെയ്തു.

**മോചന**

മദ്യമെന്ന മഹാവിപത്തിൽനിന്നും ആളുകളെ മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ പദ്ധതിയിൽ കോവിഡ് നിയന്ത്രണങ്ങൾമൂലം നിർത്തിവച്ചിരുന്ന മോചന കൂട്ടായ്മ ജനുവരി മുതൽ **കാഞ്ഞിരപ്പള്ളി** പ്രൊവിൻസിൽ പുനരാരംഭിച്ചു. ഏപ്രിൽ വരെ തുടർച്ചയായി മീറ്റിംഗുകൾ നടത്തുകയും ചെയ്തു. ഒരു വർഷമായി കൂദാശകൾ സ്വീകരിക്കാതിരുന്നവർക്ക് അതിനുള്ള അവസരം ഒരുക്കി കൊടുത്തു. ഏദൻ മത്സ്യകൃഷിയുടെ ഭാഗമായി അവർക്ക് മീൻകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ചെയ്തു. മാനന്തവാടി പ്രൊവിൻസിൽ ഈ പദ്ധതിയുടെ ഭാഗമായി പാട്ടവയൽ, ബത്തേരി ഡി - അഡിക്ഷൻ സെന്റർ &

സൈക്യാട്രി ഹോസ്പിറ്റൽ വഴി ചികിത്സ, കൗൺസിലിംഗ് എന്നിവ നടത്തിവരുന്നു. ഡോ. സി. ലിസ് മാത്യു എസ്. എച്ച് ഓൺലൈൻ വഴി കൗൺസിലിംഗ്, കോവിഡാനന്തര ഉൽക്കണ്ഠ രോഗത്തെ എങ്ങനെ നേരിടാം എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ക്ലാസ്സ് നൽകി. ചികിത്സാ സഹായമായി 96 പേർക്ക് 74000 രൂപ നൽകി.

**ഇടുക്കി** പ്രൊവിൻസിൽ ഇതിന്റെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടന്നുവരുന്നു. ഓരോ കോൺവെന്റിന്റെ കീഴിൽ നിന്നും മദ്യത്തിന് അടിമയായ അഞ്ചു വ്യക്തികളെ കണ്ടെത്തുകയും അടുത്ത ഒരു വർഷത്തേക്ക് ഇവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ അതായത് ഇവർക്കുവേണ്ടി പ്രാർത്ഥിക്കുക, മദ്യപാനത്തിൽനിന്നും മാറുന്നതിനായി മരുന്നുകൾ നൽകുക തുടങ്ങിയവ ആസൂത്രണം ചെയ്തു. ഈ പ്രോജക്ടിന്റെ ഇൻചാർജ്ജ് സിസ്റ്റേഴ്സിന്റെ മീറ്റിംഗ് നടത്തുകയും അഞ്ച് കുടുംബങ്ങളുടെ പേരു വിവരങ്ങൾ ഉൾപ്പെടുത്തി ഫോളോഅപ്പ് ചാർട്ടുകൾ നൽകുകയും ചെയ്തു. മറ്റ് 40 പേർക്ക് മദ്യപാനം നിർത്തുന്നതിനായുള്ള ആയുർവ്വേദ മരുന്ന് നൽകി. **ആസ്സാം** പ്രൊവിൻസിലെ ഹോൾസ്വർ വില്ലേജിൽ സി. ആൻസി ജോസിന്റെ നേതൃത്വത്തിൽ മദ്യപാനത്തിൽനിന്നും എങ്ങനെ കുടുംബങ്ങൾക്ക് മോചനം സാധിക്കും എന്നതിനെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി. Rev. Fr. Hirenius ക്ലാസ് നയിച്ചു.

## Human Rights

### അനുഗ്രഹ

അശരണരും ആലംബഹീനരുമാവരെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിൽ വരുത്തിയ ഈ പദ്ധതിയിൽ **ചങ്ങനാശ്ശേരി** പ്രൊവിൻസിൽ Disabled ആയിട്ടുള്ള 50 കുട്ടികളുടെ കുടുംബങ്ങളിൽ IGP സഹായം കൊടുത്തു. മാനസികാരോഗ്യ ദിനം ആഘോഷിച്ചു. കോട്ടയം നവജീവൻ ട്രസ്റ്റിൽ ഫുഡ്കിറ്റ് വിതരണം നടത്തുകയും ക്രിസ്തുമസ് കേക്ക്, സാമ്പത്തിക സഹായം എന്നിവ നൽകുകയും ചെയ്തു. സാന്ത്വനം എന്ന പേരിൽ കിടപ്പു രോഗികളായ 10 പേർക്ക് സഹായം ചെയ്തുവരുന്നു. **പാലാ** പ്രൊവിൻസിൽ റവ. സി. മെർലിൻ അരീപ്പറമ്പിൽ, സി. റിൻസി എന്നിവരുടെ നേതൃത്വത്തിൽ പാലാ മുനിസിപ്പാലിറ്റി ജീവനക്കാരെ ആദരിച്ചു. 38 അംഗങ്ങൾ ഈ









പരിപാടിയിൽ പങ്കെടുത്തു. **കോതമംഗലം** പ്രൊവിൻസിലെ കോൺവെന്റുകളിലും സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അംഗങ്ങളെ പ്രതീക്ഷ എന്ന നിക്ഷേപ പദ്ധതിയിൽ ചേർത്ത് അവർക്ക് പാസ്സ് ബുക്കുകൾ നൽകി. 66 തൊഴിലാളികൾ ഈ പദ്ധതിയിൽ അംഗങ്ങളായുണ്ട്. കൂടാതെ ആരോഗ്യ പദ്ധതിപ്രകാരം 125000 രൂപ 13 രോഗികൾക്ക് ചികിത്സാ സഹായമായി നൽകി.

HIV/AIDS മാതാപിതാക്കളുടെ കുട്ടികൾക്കും നിർദ്ധനരായ 18 വയസ്സിൽ താഴെ പ്രായമായ കുട്ടികൾക്കും വേണ്ടിയുള്ള സാഫല്യ എന്ന പദ്ധതി മാനന്തവാടി പ്രൊവിൻസിൽ നടപ്പിലാക്കി വരുന്നു. കുട്ടികൾ 1100 രൂപ മാസം നിക്ഷേപിക്കുമ്പോൾ പ്രൊവിൻസ് 550 വീതവും അടക്കുന്നു. പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട ഒരു കുടുംബത്തിന് 10 ലക്ഷം രൂപ മുടക്കി വീടും സ്ഥലവും വാങ്ങി നൽകി. 18 പേർക്ക് ഭവന നിർമ്മാണ സഹായവും 2 പേർക്ക് വിവാഹ സഹായവും 13 പേർക്ക് ചികിത്സാ സഹായവും നൽകി. പാവപ്പെട്ട കിഡ്നി രോഗികളെ സഹായിക്കുന്നതിനായി മണിമൂളി ഹോസ്പിറ്റലിൽ ഷെയർ സൊസൈറ്റിയിൽ നിന്നും 9,30,000 രൂപ ചിലവഴിച്ച് ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. മുണ്ടൂർ യൂണിറ്റിലെ വികലാംഗനായ ഒരു കുട്ടിക്ക് വീൽചെയർ നൽകി. എയ്ഡ്സ് രോഗിയായ ഒരു സ്ത്രീക്ക് കിണർ പണിയുന്നതിന് 15,000 രൂപയും ഒരു കുട്ടിക്ക് പഠന സഹായമായി 5,000 രൂപയും നൽകി. കൂടാതെ HIV/AIDS ബാധിതരായ 40 കുടുംബങ്ങൾക്ക് 3,500 രൂപ വിലവരുന്ന ഓരോ കിറ്റുകൾ വീതം നൽകി.

### പ്രതീക്ഷ

സെൻട്രൽ ഗവൺമെന്റിന്റെ പെൻഷൻ സ്കീം പദ്ധതിയുടെ ഭാഗമായി 2020-ലെ 22 അംഗങ്ങളുടെ വിഹിതമായ 75,200/- തലശ്ശേരി പ്രൊവിൻസ് ജനുവരിയിൽ (KLM) അടച്ചു.

### സ്വാന്തന പലിശരഹിത വായ്പ പദ്ധതി

കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടപ്പെട്ട നിരവധി വ്യക്തികളിൽ നിന്നും തിരഞ്ഞെടുത്ത ആളുകൾക്ക് വിവിധ ജോലി സാദ്ധ്യതകൾക്കായി കാഞ്ഞിരപ്പള്ളി പ്രൊവിൻസിൽ നിന്നും 1,00,000 രൂപ നൽകി. അവർ തിരിച്ച് അടയ്ക്കുന്നതിന്റെ മുറയ്ക്ക് ഈ തുക അടുത്ത ആളിന് കൈമാറുവാൻ സാധിക്കും എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

### പ്രിസൺ മിനിസ്ട്രി

**കാഞ്ഞിരപ്പള്ളി** പ്രൊവിൻസിൽ തടവുകാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിൽ അവരുടെ ക്ഷേമം ഉറപ്പു വരുത്തുന്ന

തിനായുള്ള വിവിധ പരിപാടികൾ നടത്തിവരുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ ഈ സാഹചര്യത്തിൽ എല്ലാ മാസവുമുള്ള പരിപാടികൾ തടസ്സപ്പെട്ടതിനാൽ ചില പ്രത്യേക ദിനങ്ങളിൽ മാത്രം അധികാരികളുടെ അനുവാദത്തോടെ ജയിൽ സന്ദർശനം നടത്തുവാൻ സാധിച്ചു. കോട്ടയം, പീരുമേട് സബ്ജയിലുകളിൽ പരിപാടികൾ നടത്തുകയും കേക്കും മറ്റ് മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കാഞ്ഞിരപ്പള്ളി മെത്രാൻ മാർ ജോസ് പുളിക്കൽ കോട്ടയം ജില്ലാ ജയിൽ സന്ദർശിച്ച് ശുശ്രൂഷകൾ നടത്തി.

**സാരഥി**




**ചങ്ങനാശ്ശേരി** പ്രൊവിൻസിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് സാരഥി കുരിശുംമൂട് അംഗങ്ങൾ അവരുടെ ഓട്ടോ സ്റ്റാൻഡ് ക്ലീനിംഗ് നടത്തി. കൂടാതെ IGP യ്ക്ക് വേണ്ടി സാരഥി അംഗങ്ങൾക്ക് 1 ലക്ഷം രൂപ നൽകി. **തലശ്ശേരി** പ്രൊവിൻസിലെ തൊണ്ടിയിൽ, മാങ്ങോട് എന്നിവിടങ്ങളിലെ കാരുണ്യാ, സാരഥി എന്നീ യൂണിറ്റുകൾ സാമൂഹ്യപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി വളരെ സജീവമായി പ്രവർത്തിക്കുന്നു. **മാനന്തവാടി** പ്രൊവിൻസിലെ കൊട്ടിയൂർ സാരഥി യൂണിറ്റ് ഗാന്ധിജയന്തിയോടനുബന്ധിച്ച് പരിസരശുചീകരണം നടത്തുകയും ചെറുപുഷ്പം യൂണിറ്റും, കൊട്ടിയൂർ യൂണിറ്റും കൊറോണയ്ക്കെതിരെ ബോധവൽക്കരണം നടത്തുകയും പൊതുസ്ഥലങ്ങളിൽ കൊറോണ സ്റ്റിക്കർ പതിപ്പിക്കുകയും ചെയ്തു. കൂടാതെ സാരഥി അംഗമായ ജോസഫ് നാഗമറ്റത്തിലിന് ഓട്ടോറിക്ഷ നൽകുകയും ചെയ്തു.

**താമരശ്ശേരി** പ്രൊവിൻസിൽ – സാരഥി അംഗങ്ങൾക്ക് സാരഥി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ തേക്കാനത്തിന്റെ നേതൃത്വത്തിൽ സൂം മീറ്റിംഗ് നടത്തി. ബുദ്ധിമുട്ട് അനുഭവിക്കുന്ന സാരഥി കുടുംബങ്ങൾക്ക് മെഡിക്കൽ ട്രീറ്റ്മെന്റ്, ഫുഡ്കിറ്റുകളും സോപ്പ്, ലോഷൻ തുട




ങ്ങിയവ നൽകി. കൂരാച്ചുണ്ട് നവജ്യോതി സാരഥിയുടെ വാർഷികാഘോഷവും ടൂർ പ്രോഗ്രാമും 2021 ഫെബ്രുവരി 4 ന് സി. ട്രീസ മാത്യു, സി. റോയ്സ് ജോൺ എന്നിവരുടെ നേതൃത്വത്തിൽ കരിയത്തുംപാറയിൽ നടത്തി. തലയാട് സാരഥി അംഗങ്ങൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ വോളന്റിയേഴ്സ് ആയി പ്രവർത്തിക്കുന്നു.

സാരഥിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ പ്രാവർത്തികമാക്കുക എന്ന ലക്ഷ്യവുമായി **ഇടുക്കി** പ്രൊവിൻസിലെ കല്ലാർകുട്ടി, പൊന്മുടി, രാജമുടി എന്നിവിടങ്ങളിൽ ഓട്ടോ ഡ്രൈവേഴ്സിനെ വിളിച്ച് കൂട്ടുകയും ബോധവൽക്കരണ ക്ലാസ്സ് നൽകുകയും ചെയ്തു. അതോടൊപ്പം കോവിഡിനെതിരെ പൊരുതുന്നതിന്റെ ഭാഗമായി മാസ്ക്കും, സാനിറ്റൈസറും വിതരണം ചെയ്തു. അംഗങ്ങൾക്കായി പ്രത്യേകം മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുകയും അവരുടെ ഫോണിൽ അത് ഇടുകയും ചെയ്തു. **ഡൽഹി** പ്രൊവിൻസിൽ സൈക്കിൾ റിക്ഷാ റാലി സംഘടിപ്പിച്ചു. 25 റിക്ഷാക്കാർ ഇതിൽ പങ്കെടുത്തു. റവ. ഫാ. പുനീത് പ്രാർത്ഥിച്ച് അനുഗ്രഹിച്ച് ഈ പരിപാടി ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ പങ്കെടുത്ത അംഗങ്ങൾക്ക് കമ്പിളിയും സ്നാക്സും സമ്മാനമായി നൽകി. ഏപ്രിൽ മാസത്തിൽ നാല് കുടുംബങ്ങൾക്ക് റിക്ഷകൾ നൽകി. പ്രൊവിൻസിൽ നിന്നും മൊത്തം 122 റിക്ഷകൾ നൽകിയിട്ടുണ്ട്.

സാരഥിയുടെ ഈ വർഷത്തെ വാർഷികാഘോഷം സാരഥി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ തേക്കാനത്തിന്റെ അദ്ധ്യക്ഷതയിൽ 11/3/2021 –ൽ ഗൂഗിൾ മീറ്റ് വഴി നടത്തി. എല്ലാ പ്രൊവിൻസിലേയും കൗൺസിലേഴ്സും സ്റ്റാഫും ഈ മീറ്റിംഗിൽ പങ്കെടുത്തു. സോഷ്യൽവർക്ക് ജനറൽകൗൺസിലർ റവ. സി. റോസ് പുളിക്കീൽ ആശംസാ പ്രസംഗം നടത്തി.

## Natural Resouses Management

**പാലാ** പ്രൊവിൻസിൽ ശ്രീ. അനന്തുവിന്റെ നേതൃത്വത്തിൽ പറത്താനം, വെള്ളിയാമറ്റം, നെല്ലൂർ എന്നീ യൂണിറ്റുകളിൽ എല്ലാ മാസവും ജൈവകൃഷി പരിശീലനം നൽകിവരുന്നു. **കോതമംഗലം** പ്രൊവിൻസിൽ കോൺവെന്റുകൾ സന്ദർശിച്ച് അഗ്രോവീഡിയോ




ആൽബം മത്സരം നടത്തുന്നതിന് മുന്നോടിയായി 8 തരം പച്ചക്കറി വിത്തുകൾ നൽകി. ജനുവരി മാസത്തിൽ വീഡിയോ ആൽബ മൽസരം നടത്തുകയും ഏറ്റവും മികച്ച കോൺവെന്റുകൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. കോവിഡ് കാലത്തെ കൃഷി അനുഭവങ്ങളും കൃഷികളും ഉൾപ്പെടുത്തി ജനറൽ തലത്തിൽ നടത്തിയ വീഡിയോ തയ്യാറാക്കൽ മത്സരങ്ങളിൽ **തലശ്ശേരി** പ്രൊവിൻസിലെ 9 കോൺവെന്റുകൾ പങ്കെടുത്തു. വിജയികളായവർക്ക് ക്യാഷ് അവാർഡുകൾ നൽകി. **കാഞ്ഞിരപ്പള്ളി** പ്രൊവിൻസിൽ ഏദൻ എന്ന പേരിലുള്ള ഈ പദ്ധതിയിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഭവനങ്ങളിൽ "കുളങ്ങൾ" കുറഞ്ഞ ചിലവിൽ നിർമ്മിച്ച് 2000 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. കൂടാതെ കാരുണ്യപദ്ധതി പ്രകാരം നിർമ്മിച്ചു നൽകിയ എല്ലാ ഭവനങ്ങൾക്കും 5 ഫലവൃക്ഷതൈകൾ വീതം നല്കി. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുവാനും എല്ലാ ഭവനങ്ങളോടും ചേർന്ന് സ്വന്തമായി അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനുമായി എല്ലാ യൂണിറ്റിലും പച്ചക്കറി തൈകളും വിത്തുകളും ആവശ്യമുള്ള ഗ്രോബാഗുകളും വിതരണം ചെയ്യുന്നതിനുവേണ്ടി **മാനന്തവാടി**







പ്രൊവിൻസിലെ ഷെയർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽനിന്നും 10,000 രൂപ വീതം ഓരോ യൂണിറ്റിനും നൽകി. കോൺവെന്റ് തലത്തിലും പാരീഷ് തലത്തിലും നടത്തിയ അഗ്രോ ആൽബ മത്സരത്തിൽ 22 യൂണിറ്റുകൾ പങ്കെടുത്തു. വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. പ്രകൃതിയോടിണങ്ങി ജീവിക്കേണ്ടത് അത്യാവശ്യമായിരിക്കുന്ന ഈ കാലഘട്ടത്തിൽ ആവശ്യത്തിനുള്ള പച്ചക്കറികൾ, സ്വന്തം കൃഷിയിടത്തിൽ നട്ടുവളർത്താൻ സിസ്റ്റേഴ്സിനെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കോൺവെന്റ് തലത്തിൽ പച്ചക്കറിത്തോട്ട മത്സരം സംഘടിപ്പിച്ചു. ജ്യോതിസ് ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ "ജീവനി" പച്ചക്കറിത്തോട്ട വീഡിയോ മത്സരത്തിൽ മേരിക്കുന്ന് പ്രൊവിൻഷ്യൽ ഹൗസ് രണ്ടാം സ്ഥാനം നേടി. താമരശ്ശേരി രൂപതാ "ജീവ സമൃദ്ധി" അടുക്കളത്തോട്ടത്തിൽ കൂരാച്ചുണ്ട്, കരിയത്തുംപാറ എന്നിവർ സമ്മാനർഹരായി. പച്ചക്കറിയും കാലാവസ്ഥാ വ്യതിയാനവും എന്ന വിഷയത്തെ ആസ്പദമാക്കി കേരള കാർഷിക സർവ്വകലാശാല നടത്തിയ സെമിനാറിൽ സി. എൽസി ജോൺ, സി. ജോസ്മി എന്നിവർ പങ്കെടുത്തു.

**ഇടുക്കി** പ്രൊവിൻസിൽ എല്ലാ വീട്ടിലും ഒരു അടുക്കളത്തോട്ടം എന്ന ആശയം മുൻനിർത്തി അടുക്കളത്തോട്ട മത്സരം നടത്തി വരുന്നു. കോവിഡ് പ്രതിരോധനം, ആരോഗ്യ സംരക്ഷണം, പ്രകൃതി സംരക്ഷണം




എന്നിവയെ കേന്ദ്രീകരിച്ച് പരമ്പരാഗത ജീവിതശൈലികൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി പല യൂണിറ്റുകളിലും എക്കോ സോൾജിയേഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. കൃഷി ഭവനുമായി ചേർന്ന് ഈ അംഗങ്ങൾക്ക് പച്ചക്കറി വിത്ത്, ഫലവൃക്ഷതൈകൾ, ഔഷധ സസ്യങ്ങൾ എന്നിവ വിതരണം ചെയ്തു. ആസ്സാം പ്രൊവിൻസിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബങ്ങളിൽ പച്ചക്കറി വിത്തുകൾ നൽകി. എല്ലാ സോണിലും പച്ചക്കറിത്തോട്ട മത്സരം നടത്തുകയും വിജയികളായവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. **ഉജ്ജൈൻ** പ്രൊവിൻസിൽ സി. അനിതയുടെ നേതൃത്വത്തിൽ കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് ഓൺലൈൻ ക്ലാസ്സ് സംഘടിപ്പിച്ചു. ഈ കാലഘട്ടത്തിൽ ഒട്ടുമിക്ക കോൺവെന്റുകളും തങ്ങൾക്കാവശ്യമായ പച്ചക്കറികൾ സ്വന്തമായി കൃഷി ചെയ്ത് ഉണ്ടാക്കി. പരമ്പരാഗത ജീവിതശൈലി പ്രോത്സാഹനപദ്ധതിയുടെ ഭാഗമായി നോനി എണ്ണ, മുറിവെണ്ണ, പാൽപ്പൊടി, ഉരഗുളിക, അരിഷ്ടം എന്നിവ നിർമ്മിച്ച് വിൽക്കുന്നു.

## Women Empowerment

### SHG

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി **ചങ്ങനാശ്ശേരി** പാറേൽ സേവാനികേതിൽ മാസ്ക്, തുണി, ബാഗുകൾ, ചുരിദാർ, നൈറ്റി എന്നിവയുടെ തയ്യൽ യൂണിറ്റ് പ്രവർത്തിക്കുന്നു. ചെറുകര, കാവാലം യൂണിറ്റുകളിൽ 20 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കുടനിർമ്മാണ പരിശീലനം നടത്തി. വനിതാ ദിനത്തോടനുബന്ധിച്ച് ചുരിദാർ തയ്യൽ, ബ്യൂട്ടീഷൻ കോഴ്സ്, ബോട്ടിൽ ആർട്ട്, പെയിന്റിംഗ് തുടങ്ങിയവയുടെ പരിശീലനം നടത്തിയതിൽ 40 അംഗങ്ങൾ പങ്കെടുത്തു. **കാഞ്ഞിരപ്പള്ളി**




പ്രൊവിൻസിൽ അമലഗിരിയിലെ യൂണിറ്റിൽ യുവജനങ്ങൾക്ക് നടത്തിയ എൽ. ഇ. ഡി. ബൾബ് നിർമ്മാണ പരിശീലനത്തിൽ 35 പേരും ശ്രീ. വർഗ്ഗീസ് പോൾ അങ്കമാലിയുടെ നേതൃത്വത്തിൽ വിമൽ ജ്യോതി സൊസൈറ്റിയിൽ നടത്തിയ സോപ്പ്, ക്ലീനിംഗ് ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലന പരിപാടിയിൽ 40 പേരും പങ്കെടുത്തു. ഈ സൊസൈറ്റിയുടെ കീഴിൽ 14 സ്വാശ്രയ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവർ ദിനാചരണങ്ങൾ നടത്തുകയും മാസത്തിൽ രണ്ടു തവണ ഗ്രൂപ്പ് മീറ്റിംഗുകൾ നടത്തുകയും ചെയ്യുന്നു. ഇതുകൂടാതെ മുട്ടക്കോഴി വിതരണം, കോഴിക്കൂട്, എൽ. ഇ. ഡി. ബൾബ്, തുണിത്തരം, ക്ലീനിംഗ് ഐറ്റംസ് എന്നിവ വിൽപ്പനയ്ക്കായി നൽകി അതിൽനിന്ന് നല്ലൊരു ലാഭം നേടുകയും ചെയ്യുന്നു. എസ്. എച്ച്. ഇൻസ്റ്റിറ്റ്യൂട്ട് ചെങ്കൽ എന്ന പ്രസ്ഥാനം വഴി നിർദ്ധരരായ സ്ത്രീകൾക്ക് ജോലിയും കൂലിയും ലഭിക്കുന്നതിന് സി. ലിസ്ബത്ത് നേതൃത്വം കൊടുക്കുന്ന ഈ സംരംഭത്തിൽ അൾത്താര വിരി, മാമോ




ദീസ, ആദ്യകുർബ്ബാന വസ്ത്രങ്ങൾ, തിരുവസ്ത്രങ്ങൾ, കൊന്ത, പൂക്കൾ, മറ്റ് കരകൗശല വസ്തുക്കൾ, ബാഗുകൾ, മാസ്ക്കുകൾ തുടങ്ങിയവ നിർമ്മിച്ചു നല്കുന്നു. 6 സ്ത്രീകൾ ഇതിൽ പ്രവർത്തിക്കുന്നു. ഗാർഹിക തൊഴിലാളികൾക്കുവേണ്ടി ആരംഭിച്ചിരിക്കുന്ന കരുതൽ പദ്ധതിയിൽ **മാനന്തവാടി** പ്രൊവിൻസിലെ അംഗങ്ങൾ ഓരോ മാസവും നിക്ഷേപം മുടങ്ങാതെ അടയ്ക്കുന്നു.

**ഡൽഹി** പ്രൊവിൻസിൽ 60 ഗാർഹിക തൊഴിലാളികളെ ഉൾപ്പെടുത്തി സിസ്റ്റർ ലിനറ്റിന്റെ നേതൃത്വത്തിൽ കോവിഡിനെ എങ്ങനെ പ്രതിരോധിക്കാം, സാമൂഹ്യ അകലം പാലിക്കുന്നതിന്റെ ആവശ്യകത എന്നിങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. എല്ലാവർക്കും N95 മാസ്ക്, ഗ്ലൗസ്, സാനിറ്റൈസർ എന്നിവ വിതരണം ചെയ്തു. കൂടാതെ അനീമിയായെക്കുറിച്ച് ഈ ഗ്രൂപ്പിലും, റിക്ഷാ ഓടിക്കുന്നവർക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. നെല്ലിക്കയെക്കുറിച്ചും അതിന്റെ ഔഷധഗുണങ്ങളെക്കുറിച്ചും ചിലവ് കുറഞ്ഞ രീതിയിൽ ഇതിന്റെ ടോണിക് ഉണ്ടാക്കുന്നതിനെക്കുറിച്ചും സിസ്റ്റർ വിശദമായി അവർക്ക് മനസ്സിലാക്കി കൊടുത്തു. അതോടൊപ്പം തന്നെ അവർക്കത് നല്കുകയും ചെയ്തു. അവരുടെ നിക്ഷേപത്തിന്റെ ഭാഗമായി ഓരോ അംഗത്തിനും 300

രൂപ വീതം നല്കി. **ഇടുക്കി** പ്രൊവിൻസിൽ നാരകക്കാനത്ത് സിസ്റ്റർ റോസിലിന്റെ നേതൃത്വത്തിൽ 15 വനിതകൾക്ക് ഏകദിന കൂൺകൃഷി പരിശീലനം നല്കി. വിവിധ പഞ്ചായത്തിലെ ട്രൈബൽ വനിതകൾക്കും ആലപ്പുഴ ജില്ലയിലെ സ്ത്രീകൾക്കും കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള കുടുംബശ്രീ അംഗങ്ങൾക്കും നവജ്യോതി ട്രെയിനിംഗ് സെന്ററിൽ വെച്ച് ഏകദിന കോട്ടൻ സാനിറ്ററി നാപ്കിൻ നിർമ്മാണ പരിശീലനം നല്കി. സ്കിൽ ഡവലപ്മെന്റിന്റെ ഭാഗമായി ജെൻ ശിക്ഷൻ സൻസ്ഥാൻ ഏജൻസിയുമായി ചേർന്ന് ബ്യൂട്ടീഷൻ കോഴ്സ്, തയ്യൽ, എംബ്രോയിഡറി കോഴ്സുകളും ചെമ്മണ്ണാറിൽ കൂൺകൃഷി പരിശീലനവും നടത്തി. വട്ടവടയിൽ പുതുതായി ആരംഭിച്ച ജൂട്ട് ബാഗ് നിർമ്മാണ യൂണിറ്റിൽ ബാഗ്, പൗച്ച്, ഫയൽ എന്നിവ ഓർഡർ അനുസരിച്ച് സ്ക്രീൻ പ്രിന്റ് ചെയ്തു കൊടുക്കുന്നു. ആസ്സാം പ്രൊവിൻസിൽ സ്വയംതൊഴിൽ, മാർക്കറ്റിംഗ് എന്നിവയെക്കുറിച്ച് ജനങ്ങളെ മനസ്സിലാക്കി കൊടുക്കുന്നതിനായി മി. ജോബിന്റെ നേതൃത്വത്തിൽ ഏകദിന പരിപാടി നടത്തി. ഇതിന്റെ ഫലമായി സ്വയംതൊഴിലായി വനിതകളുടെ നാല് ഡിറ്റർജെന്റ് യൂണിറ്റുകൾ ആരംഭിച്ചു. അതുപോലെ തന്നെ തയ്യൽപഠനം പൂർത്തിയായവർക്കുവേണ്ടിയും ഏകദിന പരിപാടി നടത്തി. ഇതിൽ 25 സ്ത്രീകൾ പങ്കെടുത്തു. അമല ചാരിറ്റബിൾ സൊസൈറ്റിയിൽ 15 സ്ത്രീകൾ തയ്യൽ പരിശീലനം പൂർത്തിയാക്കി.

## CBR (Community Based Rehabilitation)

**മാനന്തവാടി** പ്രൊവിൻസിൽ വിവിധ പരിപാടികളോടെ CBR കുട്ടികളുടെ വാർഷികാഘോഷം നടത്തുകയും വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ഈ കുട്ടികളുടെ മാതാപിതാക്കൾക്ക് വിവരാവകാശ നിയമങ്ങളെപ്പറ്റിയും ഭിന്നശേഷിയുള്ള കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും ജോമിറ്റ് ജോർജ്ജ് നടത്തിയ ക്ലാസ്സിൽ 40 പേർ പങ്കെടുത്തു. On Good health, water, sanitation and Hygie to the parents of Differently Abled children എന്ന വിഷയത്തിൽ ഈ കുട്ടികളുടെ മാതാപിതാക്കൾക്ക് Health Awareness നെക്കുറിച്ച് ദ്വാരക ആയുർവ്വേദ ഡോക്ടർ സിജോ സെമിനാർ നടത്തി. 12 കുട്ടികളുടെ കുടുംബത്തിന് 6 കോഴിയും രണ്ട് കുടുംബത്തിന് ഓരോ ആടിനെയും, 32 കുടുംബങ്ങൾക്ക് പച്ചക്കറി തൈകളും നൽകി. Livelihood Training - ന്റെ ഭാഗമായി ഈ കുട്ടികളുടെ മാതാപിതാക്കൾക്ക് നടത്തിയ കൂൺകൃഷി പരിശീലനത്തിൽ ദ്വാരക, ബത്തേരി എന്നീ യൂണിറ്റുകളിൽ നിന്നും 45 പേർ പങ്കെടുത്തു.

**ആസ്സാം** പ്രൊവിൻസിൽ 50 കുട്ടികൾ ഈ പദ്ധതിയിൽ അംഗങ്ങളായുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ അവർക്കാവശ്യമായ തെറാപ്പികൾ വീടുകളിൽ തന്നെ നൽകി. അതുപോലെ അവർക്കാവശ്യമായ വീൽചെയർ, സി. പി. ചെയർ, മാസ്ക്, സാനിറ്റൈസർ, ഫുഡ് എന്നിവയും വിതരണം ചെയ്തു.

## Teaching Learning Material (TLM)




ആസ്സാം പ്രൊവിൻസിൽ സെക്കന്തറാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാൻഡിക്യാപ്ഡിന്റെ സഹകരണത്തോടെ 15 CBR കുട്ടികൾക്ക് TLM Kit കൊടുത്തു. ഡോ. വിനീതസിങ് ഈ കുട്ടികളുടെ മാതാപിതാക്കൾക്ക് TLM -നെക്കുറിച്ചും അതിന്റെ ഉപയോഗത്തെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സ് നൽകി. ഡിസ്ട്രിക്റ്റ് ഹാൻഡിക്യാപ്ഡ് അസ്സോസ്സിയേഷൻ, DDRC എന്നിവിടങ്ങളിൽ നിന്നുള്ള വ്യക്തികൾ ഇതിൽ പങ്കെടുത്തു. ടെസ്പൂരിലെ ആസ്സാം വാലി സ്പെഷ്യൽ സ്കൂൾ ഡിപ്പാർട്ട്മെന്റ് ഹെഡ് ശ്രീ. മോസസ് ഹെറിക് TLM-നെക്കുറിച്ച് സേക്രട്ട് ഹാർട്ട് ഡെ കെയർ സെന്ററിൽ ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. 20 പേർ ഇതിൽ പങ്കെടുത്തു.

### തിരുഹൃദയ സമൂഹ സ്ഥാപക പിതാവ് ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 150-ാം ജന്മദിനാചരണവും ചരമ വാർഷികവും

കോവിഡ്-19 മഹാമാരി നിലനിൽക്കവേ, എല്ലാ വർഷവും പതിവുള്ളതുപോലെ പാലായിൽ നടത്തിക്കൊണ്ടിരുന്ന പ്രോഗ്രാമുകൾ വേണ്ടെന്ന് വയ്ക്കുകയും അതിനുപകരമായി അതിനായി മാറ്റി വച്ചിരുന്ന തുക ഫുഡ് കിറ്റ് വിതരണം, മാസ്ക്, സാനിറ്റൈസർ, മെഡിക്കൽ എക്യൂപ്മെന്റ്സ് ഇവയുടെ വിതരണം, ഭവനനിർമ്മാണ സഹായം എന്നിവയ്ക്ക് നൽകുവാൻ തീരുമാനിക്കുകയും എല്ലാ പ്രൊവിൻസുകളിലും നടപ്പിലാക്കുകയും ചെയ്തു. കൂടാതെ നമ്മുടെ എല്ലാ പ്രോവിൻസുകളിലും നടത്തിയ പ്രവർത്തനങ്ങളെ ഉൾപ്പെടുത്തി "സ്വാന്തനം" എന്ന വീഡിയോ ക്ലിപ്പ്



ഇറക്കുകയും ചെയ്തു. ജ്യോതിസ്സിൽനിന്നും ഓക്സിജൻ കോൺസന്റേറ്ററുകൾ വാങ്ങുന്നതിനായി 60,000 രൂപ വീതം ഓരോ പ്രോവിൻസിലേയും വൃദ്ധസദനങ്ങൾക്ക് കൊടുക്കാൻ തീരുമാനിക്കുകയും പാലാ-വിളക്ക്മരുത്, ആസ്സാം - അനേക്കൽ, ബൽത്തങ്ങാടി-ഹെഗ്ള, ഇടുക്കി-ഏഴുകുംവയൽ എന്നീ ഭവനങ്ങൾക്ക് ഈ കാലയളവിൽ നൽകുകയും ചെയ്തു.

## Annual General Body & 20th Core group meeting

നമ്മുടെ ജ്യോതിസ് ചാരിറ്റബിൾ സൊസൈറ്റിയുടെ ആനുവൽ ജനറൽബോഡി മീറ്റിംഗും 20-ാമത് കോർഗ്രൂപ്പ് മീറ്റിംഗും 27/05/2021—ൽ എസ്. എച്ച്. ജനറലേറ്റിൽ വച്ച് ഗൂഗിൾമീറ്റ് വഴി നടത്തി. സോഷ്യൽവർക്ക് ജനറൽ കൗൺസിലർ റവ. സി. റോസ് പുളിക്കീൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സുപ്പീരിയർ ജനറൽ റവ. സി. അൽഫോൻസ തോട്ടുങ്കൽ അദ്ധ്യക്ഷത വഹിക്കുകയും ഈ പ്രോഗ്രാമിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് എല്ലാ പ്രൊവിൻസിലേയും റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. അതിനുശേഷം കഴിഞ്ഞ ആറ് മാസക്കാലം ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത ആറ് മാസത്തേയ്ക്ക് ചെയ്യുവാനുള്ള പ്രവർത്തനങ്ങളെപ്പറ്റി ആസൂത്രണം ചെയ്യുകയും ചെയ്തു. സി. ജോസ്മി (താമരശ്ശേരി), സ്റ്റാഫ് അംഗങ്ങളായ തോമസ് ജോൺ (കോതമംഗലം), മഞ്ചു മോഹനൻ (ചങ്ങനാശ്ശേരി), ജോസ് തോമസ് (കാഞ്ഞിരപ്പള്ളി) എന്നിവർ തുടർപ്രവർത്തനങ്ങളെപ്പറ്റി ഇവാലുവേഷൻ നടത്തി. തുടർന്ന് സി. ആൻസ് വാഴചാരിക്കൽ (പാലാ) എല്ലാവർക്കും നന്ദി പറഞ്ഞ് മീറ്റിംഗ് അവസാനിപ്പിച്ചു.

## Annuval day Celebration

ജ്യോതിസ് വികസനസമിതിയുടെ വാർഷികാഘോഷം 18/06/2021 2.30 ന് ജ്യോതിസ് ആഡിറ്റോറിയത്തിൽ നടത്തി. വികസനസമിതി പ്രസിഡന്റ് ശ്രീമതി ജിജി പ്രസാദ് പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. സോഷ്യൽവർക്ക് ജനറൽ കൗൺസിലർ റവ. സി. റോസ് പുളിക്കീൽ സ്വാഗതം ആശംസിച്ചു. വികർ ജനറൽ റവ. സി. ജീസ് മരിയ അദ്ധ്യക്ഷത വഹിച്ച് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഏറ്റവും കൂടുതൽ തുക നിക്ഷേപമായി സ്വീകരിച്ചവർക്കും, ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തവർക്കും സമ്മാനങ്ങൾ നല്കി. സ്നേഹവിരുന്നോടെ യോഗം പിരിഞ്ഞു.

## Housing Project

എസ്. എച്ച് ഹൗസിംഗ് പ്രൊജക്ട് വഴി **കോതമംഗലം** പ്രൊവിൻസിന്റെ സാമൂഹ്യക്ഷേമ വിഭാഗമായ സേഫും, ഇന്ത്യൻ ഡെന്റൽ അസ്സോസിയേഷനും ജെസിഐയും സംയുക്തമായി ഒരു ഭവനം പണിത് നൽകി. സേഫിന്റെ നേതൃത്വത്തിൽ 7 കുടുംബങ്ങൾക്ക് സ്ഥലം




അനുവദിച്ചതിൽ 6 ഭവനം പണി പൂർത്തിയാക്കി നൽകി. 11 കുടുംബങ്ങൾക്ക് 8,40,000 പലിശ രഹിത വായ്പ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് നൽകി. **തലശ്ശേരി** പ്രൊവിൻസിലെ അനുഗ്രഹ ഡ്രീംഹോം പ്രൊജക്ട് വഴി ഭവനമില്ലാതെ സാമ്പത്തികമായി കഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായം നൽകി. 2 ഭവനങ്ങൾ പൂർണ്ണമായും 17 ഭവനങ്ങൾ ഭാഗികമായും പൂർത്തിയാക്കുവാൻ സാധിച്ചു. **കാഞ്ഞിരപ്പള്ളി** പ്രൊവിൻ സിൽ കാരുണ്യ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി 9 ഭവനങ്ങൾ പണിപൂർത്തിയാക്കി നൽകി. 4 ഭവനങ്ങൾ പണി നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ തിരഞ്ഞെടുത്ത ചില കുടുംബങ്ങൾക്ക് അറ്റകുറ്റപണികൾക്കായും സഹായം നൽകി വരുന്നു. 71,04,482 രൂപ ഇതിനായി ചിലവഴിച്ചു.




**ഇടുക്കി** പ്രൊവിൻസ് സാൻജോ ഹൗസിംഗ് സ്കീമിന്റെ ഭാഗമായി ഭവനത്തിന്റെ പണി പൂർത്തിയാക്കാൻ സാധിക്കാത്ത നിർദ്ധനരായ 10 കുടുംബങ്ങളെ കണ്ടെത്തി അവരുടെ വീട് പണിക്ക് 50,000 രൂപ വീതം ധനസഹായം നൽകി. ഉജ്ജൈൻ പ്രൊവിൻസ് 3 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായം നൽകി.

**മീൻകുളം പദ്ധതി**

18/09/2020 -ൽ കൂടിയ 19-ാമത് കോർഗ്രൂപ്പ് തീരുമാനം അനുസരിച്ച് പ്രൊവിൻസ് തലത്തിൽ മത്സ്യകൃഷി നടത്തുവാനുള്ള ഒരു പുതിയ പദ്ധതിക്ക് തുടക്കം കുറിച്ചു.

ഇതിനായി **പാലാ** പ്രൊവിൻസിൽ 15, **ചങ്ങനാശ്ശേരി** പ്രൊവിൻസിൽ 2, കോതമംഗലം പ്രൊവിൻസിൽ 10 വീതം കുടുംബങ്ങൾക്ക് മീൻകുളത്തിനായി സഹായം നൽകി. **കാഞ്ഞിരപ്പള്ളി** പ്രൊവിൻസിലെ 11 ഭവനങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കുളം നിർമ്മിച്ച് 2000 മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

SH ജനറലേറ്റ് ജ്യോതിസിൽനിന്നും പ്രൊവിൻസ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ സേവനം അനുഷ്ഠിക്കുന്ന സ്റ്റാഫ് അംഗങ്ങൾക്ക് 30,000 രൂപ വീതം 8 മീൻകുള നിർമ്മാണത്തിന് നൽകി.

കോവിഡ്-19 മഹാമാരി കാലഘട്ടത്തിൽ വിഷരഹിതമായ മത്സ്യ ഉത്പാദനം കുടുംബത്തിൽ സാമ്പത്തിക ഭദ്രതയ്ക്കും പോഷകാഹാരത്തിനും കുടുംബ കൂട്ടായ്മയ്ക്കും ഇടനൽകിയെന്ന് റിപ്പോർട്ടിൽ നിന്നും വ്യക്തമായി. ഇതിന് മുൻകൈ യെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

### സോണൽ മീറ്റിംഗുകൾ

കോതമംഗലം പ്രൊവിൻസിൽ ഓൺലൈനായി സോണൽ മീറ്റിംഗുകൾ സംഘടിപ്പിച്ചു. 2 സോണിലെ കോൺവെന്റുകൾ പുനഃക്രമീകരിച്ച് ഏറ്റവും വലിയ സോണായ കോതമംഗലം സോണിന് ഏതാനും കോൺവെന്റുകൾ മൈലക്കൊമ്പ് സോണിനോട് ചേർത്തു. തലശ്ശേരി പ്രൊവിൻസിൽ സോണൽ ലീഡേഴ്സിന്റെ നേതൃത്വത്തിൽ നാലുസോണിലും ഓൺലൈനായി സോണൽ മീറ്റിംഗുകൾ നടത്തി. നവമാധ്യമ പ്രവർത്തനങ്ങളുടെ സഹായത്തോടെ സാമൂഹിക സേവന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ തീരുമാനിച്ചു. വരുമാനം വർദ്ധിപ്പിക്കുന്നതായി മീൻകുളം പദ്ധതി, ആടുവളർത്തൽ പദ്ധതി എന്നിവ പ്രോത്സാഹിപ്പിക്കുവാനും കുട്ടികളുടെ പഠനത്തിന് ആവശ്യമായ ടി.വി, സ്മാർട്ട് ഫോൺ എന്നിവ ഇല്ലാതെ കഷ്ടപ്പെടുന്നവർക്ക് അവ നൽകുവാനും തീരുമാനിച്ചു.

**മാനന്തവാടി പ്രൊവിൻസിൽ** എല്ലാ സോണിലും രണ്ടുപ്രാവശ്യം വീതം മീറ്റിംഗുകൾ നടത്തി. **താമരശ്ശേരി പ്രൊവിൻസിൽ** 5 സോണുകളുടേയും ഷാന്താമിഷന്റെയും സോണൽ മീറ്റിംഗുകൾ ഗൂഗിൾവഴി നടത്തി. റവ. സി.റോസ് പുളിക്കീൽ ഭവനതലത്തിലെ സോഷ്യൽവർക്ക്, ഐ.ജി.പി. പ്രോഗ്രാം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ഓറിയന്റേഷൻ ടോക്ക് നൽകുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. **ആസ്സാം പ്രൊവിൻസിൽ** രണ്ട് സോണൽ മീറ്റിംഗുകൾ നടന്നു. കഴിഞ്ഞ പ്രവർത്തനങ്ങളെപ്പറ്റി വിശകലനം നടത്തുകയും അടുത്തവർഷത്തേക്കുള്ള പരിപാടികളെക്കുറിച്ച് ആസൂത്രണം ചെയ്യുകയും ചെയ്തു. **ഉജ്ജൈൻ പ്രൊവിൻസിൽ** സി. അനിതയുടെ നേതൃത്വത്തിൽ ഗൂഗിൾ വഴി സോണൽ മീറ്റിംഗ് നടത്തി. ചങ്ങനാശ്ശേരി പ്രൊവിൻസിൽ സോണൽ മീറ്റിംഗ് നടത്തി 8 സോണിന്റെയും റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

### കോവിഡ്-19 ദുരിതാശ്വാസ പ്രവർത്തനങ്ങൾ




കോവിഡ്-19 പശ്ചാത്തലത്തിൽ മാനന്തവാടി പ്രൊവിൻസിലെ എല്ലാ ഭവനങ്ങളിലേയും മൂന്നുമാസത്തെ സോഷ്യൽ വർക്ക് വിഹിതവും ഫാസ്റ്റിംഗ് പൈസയും ഉൾപ്പെടുത്തി 465 കുടുംബങ്ങൾക്ക് ഫുഡ്കിറ്റ്, ഭവനം, ചികിത്സ, വിവാഹം, വിദ്യാഭ്യാസം എന്നിവയ്ക്ക് സഹായം നൽകി. കൂടാതെ 20 കുടുംബങ്ങൾക്ക് പശു, ആട്, പന്നി, കാട എന്നിവയെ വളർത്തുന്നതിനുള്ള ഫാം തുടങ്ങുന്നതിനും മൊബൈൽ ഷോപ്പ്, തുണിത്തരങ്ങൾ വില്ക്കുന്ന കട, മീൻ കച്ചവടം തുടങ്ങിയവയ്ക്കും സഹായം നൽകി. **താമരശ്ശേരി** പ്രൊവിൻസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എൽസീന ജോണിന്റെ നേതൃത്വത്തിൽ പൾസ് ഓക്സിമീറ്റർ, ബി.പി., ബ്ലഡ് ഷുഗർ പരിശോധന ഉപകരണങ്ങൾ, സ്റ്റീം ഇൻഹേലർ, എൻ 95 മാസ്കുകൾ, സാനിറ്റൈസർ എന്നിവ അടങ്ങിയ കിറ്റ് കോഴിക്കോട് നോർത്ത് എം.ൽ.എ ശ്രീ തോട്ടത്തിൽ രവീന്ദ്രന് കൈമാറി. 'നിർധന രോഗികൾക്ക് ഒരു കൈത്താങ്ങ്' പദ്ധതിയുടെ ഭാഗമായി ഇടവകയിലെ നിർധനരോഗികൾക്കുള്ള മരുന്നുകൾ പ്രോവിസ് തലത്തിൽ ലഭ്യമാക്കുന്നു. പ്രോവിൻസിലെ എല്ലാ കോൺവെന്റുകളിലേയും രണ്ടുമാസത്തെ സോഷ്യൽ വർക്ക് വിഹിതം ഇതിനായി വിനിയോഗിക്കുന്നു. **തലശ്ശേരി** പ്രൊവിൻസിൽ അതിരൂപതയോട് ചേർന്ന് എല്ലാ ഇടവകകളിലും നമ്മുടെ സിസ്റ്റേഴ്സിനേയും ഉൾപ്പെടുത്തി കോവിഡ് പ്രതിരോധ ഹെൽപ് ഡെസ്ക് ആരംഭിച്ചിട്ടുണ്ട്. 7 ഇടവകകളിൽ പൾസ് ഓക്സിമീറ്റർ, സ്റ്റീം






ഇൻഹീലർ, മെഡിസിൻ കിറ്റ്, പി. പി. ഇ കിറ്റ് എന്നിവ നൽകി. കൂടാതെ ഡേ കെയർ സർവ്വീസ്, കോവിഡ് ചികിത്സയ്ക്ക് സഹായം, ഫ്രീ മെഡിസിൻകിറ്റ്, ഫുഡ്കിറ്റ് മറ്റ് ആവശ്യമായ മരുന്ന് വാങ്ങുന്നതിനുള്ള സഹായം എന്നിവയും ചെയ്തു വരുന്നു. തൊക്കിലങ്ങാടി ഹോസ്പിറ്റലുമായി സഹകരിച്ച് 50 ബെഡ് കോവിഡ് ചികിത്സയ്ക്കായി മാറ്റി വെച്ചിരിക്കുന്നു. അതോടൊപ്പം തന്നെ ഇടവകകളിൽ ഹോമിയോ പ്രതിരോധ മരുന്ന് വിതരണം ചെയ്തു വരുന്നു. ആവശ്യമുള്ളവർക്ക് ഓൺലൈനായി കൗൺസിലിങ് നടത്തുന്നു. കോവിഡ്-19 ന്റെ ഈ രണ്ടാം തരംഗ കാലത്ത് കാഞ്ഞിരപ്പള്ളി പ്രോവിൻസ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പരിഹാരം കാണുന്നതിനായി വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് അടിയന്തിരമായി 8,00,000 രൂപ സഹായം അനുവദിച്ചു. ആശ്രയ കോൾ മേഴ്സിയുടെ ഭാഗമായി ഇടവക കൂട്ടായ്മയിലെ അംഗങ്ങൾ കോവിഡ് ബാധിതരുമായി ഫോൺവിളിച്ച് വിവരങ്ങൾ തിരക്കുകയും ആവശ്യമുള്ളവരെ കണ്ടെത്തി കൗൺസിലിങ്ങും മറ്റ് അത്യാവശ്യ സേവനങ്ങളും ഉറപ്പുവരുത്തുകയും ചെയ്തു. **ഇടുക്കി** പ്രൊവിൻസിൽ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വട്ടവടയിൽ പഞ്ചായത്ത് കോവിഡ് ഡോമിസൈലറി സെന്ററിലേക്ക് 20 ബെഡുകൾ സംഭാവനയായി നൽകി. കോവിഡ് രോഗബാധിതർക്കും ക്വാറന്റൈനിൽ കഴിയുന്നവരുമായ 50 കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് നൽകി. വാത്തിക്കുടി







പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർക്ക് വർക്ക് പ്ലേസ് സാനിട്ടൈസിങ്ങ് മെഷീൻ വിതരണം ചെയ്തു. മലയോര മേഖലയിലെ രോഗബാധിതർക്ക് ശുശ്രൂഷയ്ക്കായി വിവിധ സംഘടനകൾ ചേർന്ന് ഒരുക്കിയ വാഹന പദ്ധതിയിലേക്ക് 25,000 രൂപ നൽകി. പഞ്ചായത്തിലെ ആശാവർക്കറിന്റെ സഹായത്തോടെ ഡിജിറ്റൽ തെർമ്മോമീറ്റർ, പൾസ് ഓക്സിമീറ്റർ, ഓക്സിജൻ മാസ്ക്, സാനിറ്റൈസർ തുടങ്ങിയവ വീടുകളിൽ എത്തിക്കുന്നു. കോവിഡ് രോഗികളെ ഫോണിൽ വിളിച്ച് പ്രാർത്ഥിക്കുകയും കൗൺസിലിംഗ് നടത്തുകയും മാനസികമായ പിന്തുണ നൽകുകയും ചെയ്യുന്നു. ഉജ്ജൈൻ പ്രൊവിൻസിൽ സി. ബിൻസിയുടെ നേതൃത്വത്തിൽ ആശുപത്രി ജീവനക്കാരായ 300 പേർക്ക് ബോധവൽക്കരണ ക്ലാസ് നൽകുകയും തുടർന്ന് മാസ്ക്, സാനിറ്റൈസർ, ഗൗൺ, ക്യാപ് എന്നിവ നൽകുകയും ചെയ്തു. രോഗബാധിതരും പ്രായമായവരുമായ സിസ്റ്റേഴ്സുള്ള കോൺവെന്റിലും Mendiya S.H. dispensary-യിലും പൾസ് ഓക്സിമീറ്റർ, ഓക്സിജൻ കോൺസെൻന്റേറ്റർ എന്നിവ നൽകി. പാവപ്പെട്ട 15 കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് നൽകി വരുന്നു. ഒരു കോവിഡ് രോഗിക്ക് 20,000 രൂപ നൽകുകയും ചെയ്തു.

## കർക്കിടകത്തിലെ പത്തിലകൾ

കർക്കിടകത്തിൽ പത്തില കഴിച്ചിരിക്കണം എന്നാണ് പാരമ്പര്യം.

താള്, തകര, ചീര, മത്തൻ, കുമ്പളം, പയറ്, ചേന, ചേമ്പ്, ഉഴുന്ന്, തഴുതാമ ഇവയുടെ ഇലകൾ കൊണ്ട് തോരൻ ഉണ്ടാക്കി കഴിക്കുന്നത് കർക്കിടകത്തിൽ അത്യുത്തമമാണ്.

### കർക്കിട ചൊല്ലുകൾ

- കർക്കിടകം കഴിഞ്ഞാൽ ദുർഘടം കഴിഞ്ഞു.
- കർക്കിടകത്തിൽ പത്തില കഴിക്കണം.
- കർക്കിടക ഞാറ്റിൽ പട്ടിണി കിടന്നത് പുത്തിരി കഴിഞ്ഞാൽ മറക്കരുത്
- കർക്കിടക ചേന കട്ടിട്ടെങ്കിലും തിന്നണം.
- കർക്കിടകത്തിൽ മർക്കട മുഷ്ടി വേണ്ട
- കർക്കിടകത്തിൽ കാക്ക പോലും കൂട്ടു കൂടില്ല.
- കർക്കിടകത്തിൽ ഇടിവെട്ടിയാൽ കരിങ്കല്ലിനും ദോഷം

# അവാർഡ് വിതരണം

## ജീവനി-എവർഗ്രീൻ

വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ തോട്ടങ്ങളിൽ തന്നെ കൃഷി ചെയ്ത് എടുക്കുന്നതിനായി എല്ലാ പ്രോവിൻസുകളേയും ഉൾപ്പെടുത്തി 'ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം' എന്ന പേരിൽ പച്ചക്കറി കൃഷി ത്തോട്ട വീഡിയോ മത്സരം നടത്തിയിരുന്നല്ലോ. ഈ മത്സരത്തിൽ പങ്കെടുത്ത എല്ലാ പ്രോവിൻസുകൾക്കും അഭി നന്ദനങ്ങൾ.

ഇതിൽ സമ്മാനാർഹരായവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. നീലേശ്വരം - തലശ്ശേരി പ്രൊവിൻസ് 5000 രൂപ
2. മേരിക്കുന്ന് - താമരശ്ശേരി പ്രൊവിൻസ് 3000 രൂപ
3. ചുള്ളിയോട് - മാനന്തവാടി പ്രൊവിൻസ് 2000 രൂപ

   എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസ് - പാലാ 2000 രൂപ

## വരുമാനദായക പദ്ധതി

പ്രോവിൻസ് തലത്തിലും കോൺവെന്റ് തലത്തിലും വരുമാനദായക പദ്ധതിക്കുവേണ്ടി ഏറ്റവും കൂടുതൽ തുക ചിലവാക്കിയ

**പ്രൊവിൻസ്**

1. വിമൽജ്യോതി സോഷ്യൽ സർവ്വീസ് സൊസൈറ്റി - കാഞ്ഞിരപ്പള്ളി 5000 രൂപ
2. ഷെയർ സോഷ്യൽ സർവ്വീസ് സൊസൈറ്റി - മാനന്തവാടി 3000 രൂപ
3. സേക്രട്ട് ഹാർട്ട് അസോസിയേഷൻ ഫോർ ഫാമിലി എംപവർമെന്റ് - കോതമംഗലം2000 രൂപ

**കോൺവെന്റ് തലം**

1. എസ്.എച്ച്. കോൺവെന്റ് കരുമാടി - ചങ്ങനാശ്ശേരി 1000 രൂപ
2. ഹോളിഫാമിലി ഹോസ്പിറ്റൽ കോൺവെന്റ് - കോതമംഗലം 1000 രൂപ
3. എസ്.എച്ച് കോൺവെന്റ് തുണ്ടിയിൽ - തലശ്ശേരി 1000 രൂപ
4. ജാർഖണ്ഡ് - ഡൽഹി 1000 രൂപ

# ജനറലേറ്റ് വാർത്തകൾ

| | |
|---|---|
| 1.1.2021 | പുതുവത്സരാഘോഷം |
| 2.1.2021 | നീണ്ടൂർ ഫാം സന്ദർശനം |
| 3.1.2021 | സി. റോസ് പുളിക്കീലും ബിനി ജോസഫും വിജയപുരം പഞ്ചായത്ത് സന്ദർശിച്ച് പുതിയ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സോമൻകുട്ടിയെ അഭിനന്ദനം അറിയിച്ചു. |
| 7.1.2021 | ജനറലേറ്റിൽ വച്ചു നടന്ന എല്ലാ ധ്യാനപ്രോഗ്രാമിന്റെ ഉദ്ഘാടന കർമ്മത്തിൽ സി. റോസ് പുളിക്കീൽ പങ്കെടുത്തു. |
| 16.1.2021 | ഐശ്വര്യ മീറ്റിംഗ് ജ്യോതിസ് ഓഡിറ്റോറിയത്തിൽ നടത്തി. |
| 20.1.2021 | ജ്യോതിസ് സൊസൈറ്റിയിൽ നിന്ന് കരിങ്കോഴി വിതരണം നടത്തി. |
| 27.1.2021 | നവജീവൻ ചാരിറ്റബിൾ സൊസൈറ്റി മണർകാട് ജനറലേറ്റ് സന്ദർശിച്ചു. |
| 15.2.2021 | വിഭൂതി തിങ്കളാഴ്ച്ച ജനറൽ ടീമിൽ അംഗമായിരുന്ന മരണമടഞ്ഞ ബഹുമാനപ്പെട്ട സി. ഫിലോമിന ജോണിനെ ഓർത്തു പ്രാർത്ഥന അർപ്പിച്ചു. |
| 15.2.2021 | ഗ്രാമലക്ഷ്മി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. |
| 19.2.2021 | സിസ്റ്റേഴ്സിനായുള്ള റേഷൻകാർഡിനായി അക്ഷയ വഴി അപേക്ഷ നല്കി. |
| 24.2.2021 | സി. റോസ് പുളിക്കീൽ തലശ്ശേരി പ്രൊവിൻസിലെ ബഹുമാനപ്പെട്ട മേരി ആന്റോ പടിയറയുടെ മൃതസംസ്ക്കാരത്തിൽ പങ്കെടുക്കാൻ പോയി. |
| 08.3.2021 | സി. റോസ് പുളിക്കീൽ, സി. ജീസ് മരിയ, സി. റോസ്മി എന്നിവർ കോതമംഗലം പ്രൊവിൻസ് സോഷ്യൽവർക്ക് കൗൺസിലർ സി. സുജാ മലേക്കുടിയുടെ ചിറ്റപ്പന്റെ മൃതസംസ്കാരത്തിൽ പങ്കെടുക്കാൻ പോയി. |
| 08.3.2021 | ജ്യോതിസ് ഓഡിറ്റോറിയത്തിൽ വെച്ച് വനിതാദിനാഘോഷം നടത്തി. രണ്ടു കുടുംബശ്രീ ഗ്രൂപ്പുകളുമായി (സ്നേഹസംഗമം, സ്നേഹവീട്) സഹകരിച്ച് സംയുക്ത പ്രോഗ്രാം നടത്തി. |
| 11.3.2021 | സാരഥി വാർഷികാഘോഷം - സാരഥി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് സംഘടിപ്പിച്ച ഗൂഗിൾ മീറ്റിൽ സി. റോസ് പുളിക്കീൽ ആശംസ പ്രസംഗം നടത്തി. |
| 18.3.2021 | പുന്നത്തറ ബാലഭവൻ സന്ദർശനം നടത്തി. (സി. റോസ് പുളിക്കീൽ, ബിനി ജോസഫ്) |
| 19.3.2021 | വി. ഔസേപ്പ് പിതാവിന്റെ തിരുനാൾ ആചരിച്ചു. സിസ്റ്റേഴ്സിനായുള്ള റേഷൻ കാർഡ് കോട്ടയം സപ്ലൈ ഓഫീസിൽ നിന്ന് ലഭിച്ചു. |
| 31.3.2021 | ജ്യോതിസ് ഓഫീസിൽ വെച്ച് വികസനസമിതി യോഗം ചേർന്നു. |
| 03.4.2021 | സി. റോസ് പുളിക്കീൽ, ബിനി ജോസഫ് എന്നിവർ വികസനസമിതിയിൽ വോളണ്ടിയേഴ്സ് ആയി സേവനം അനുഷ്ഠിക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ച് സ്നേഹോപഹാരം നല്കി. |
| 07.04.2021 | സിസ്റ്റർ ഫിലോമിനാ ജോൺ പാറുകണ്ണിലിന്റെ ഒന്നാം ചരമവാർഷിക ദിനത്തിൽ ചങ്ങനാശ്ശേരി പ്രൊവിൻസ് ഹൗസിൽ നടന്ന വിശുദ്ധ ബലിയിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി പാറേൽ ആരംഭിച്ച വൃദ്ധസദനം സന്ദർശിച്ച് സൗഹൃദം പങ്കിട്ടു. |
| 09.04.2021 | പനച്ചിക്കാട് ഹരിത സംരംഭത്തിൽനിന്ന് പച്ചക്കറിയുടെ വിത്തുകൾ വാങ്ങി വിതരണം ചെയ്തു. |
| 21.04.2021 | തോട്ടയ്ക്കാട് പോൾട്രി ഫാമിൽ പോയി ഗ്രാമശില്പാ കോഴിക്കുഞ്ഞുങ്ങളെ കൊണ്ടുവന്നു വിതരണം ചെയ്തു. |
| 01.05.2021 | ജ്യോതിസിൽ തൊഴിലാളി ദിനം ആചരിച്ചു. |
| 03.05.2021 | ജ്യോതിസ് ഗവേണിംഗ് ബോഡി നടത്തി. (കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ കോൺഗ്രിഗേഷൻ തലത്തിൽ ചെയ്യുന്നതിനെപ്പറ്റി) |
| 04.05.2021 | ജ്യോതിസ് ഗവേണിംഗ് ബോഡിയും എല്ലാ പ്രൊവിൻഷ്യൽ ടീമും ഒന്നിച്ച് ഗൂഗിൾ മീറ്റ് നടത്തി മെയ്, ജൂൺ മാസങ്ങളിലെ സാമൂഹ്യ ക്ഷേമപ്രവർത്തന തുക കോവിഡ് പ്രതിരോധനത്തിനായി വിനിയോഗിക്കണമെന്ന് നിശ്ചയിച്ചു. |
| 27.05.2021 | ജ്യോതിസ് ചാരിറ്റബിൾ സൊസൈറ്റിയുടെ ആനുവൽ ജനറൽ ബോഡി മീറ്റിംഗ്, 20-ാമത് കോർഗ്രൂപ്പ് മീറ്റിംഗ് ഇവ ഗൂഗിൾ മീറ്റ് ആയി നടത്തി. റിപ്പോർട്ട്, കണക്ക് ഇവ അവതരിപ്പിച്ച് പാസ്സാക്കി. ഭാവി പദ്ധതികൾ പ്ലാൻ ചെയ്തു. |
| 27.05.2021 | അവാർഡ് വിതരണം - ജീവനി |
| 05.06.2021 | പരിസ്ഥിതിദിനം ആഘോഷിച്ചു. ഗ്രോബാഗ് വിതരണം ചെയ്തു. |

BELTH
IDKY
UJAN
DEL
ASM
TMY
MTDY
KPLY
TLY
KLM
CHY
PALA




# 150-ാം ജന്മവാർഷികം

ഈശോയുടെ തിരുഹൃദയം പൂജിക്കപ്പെടാൻ മാത്രമുള്ളതല്ല,
അതു ജീവിക്കപ്പെടാനുമുള്ളതാണ്.

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ







